**<u>15 -ാം കേരള നിയമസഭ</u>**

**<u>13 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1139</u>** **<u>11-02-2025 - ൽ മറുപടിയ്ക്ക്</u>**

**<u>മത്സ്യമാർക്കറ്റുകളുടെ നവീകരണം</u>**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. എൻ. കെ. അക്ബർ</td><td colspan="2">ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>2016 മുതൽ നാളിതുവരെ തൃശ്ശൂർ ജില്ലയിൽ മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനും നിർമ്മാണത്തിനുമായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?</td><td>(എ)</td><td>2016 മുതൽ നാളിതുവരെ തൃശ്ശൂർ ജില്ലയിൽ മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനും നിർമ്മാണത്തിനുമായി തയ്യാറാക്കി സർക്കാർ അംഗീകാരം നൽകി നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം.</th><th>മത്സ്യ മാർക്കറ്റ്</th><th>അടങ്കൽ തുക (ലക്ഷത്തിൽ)</th><th>നിലവിലെ അവസ്ഥ</th></tr>
<tr><td>1</td><td>ചാലക്കുടി</td><td>296.66</td><td>പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.</td></tr>
<tr><td>2</td><td>കുന്നംകുളം</td><td>413.59</td><td>മുൻസിപ്പാലിറ്റി നേരത്തെ ഭാഗികമായി നിർമ്മിച്ച കെട്ടിടം പൂർത്തീകരിച്ച് ആധുനിക മത്സ്യമാർക്കറ്റായി മാറ്റുന്നതാണ് പദ്ധതി. എന്നാൽ മുൻ നിർമ്മാണത്തിന്റെ കരാറുകാരുമായി ബന്ധപ്പെട്ട് നിലവിലുള്ള കേസ് ഒത്ത് തീർന്ന ശേഷം മാത്രമേ പാക്കേജിന് അനുമതി നല്കാൻ സാധിക്കുകയുള്ളൂ എന്ന് കിഫ്ബിയിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്. കേസ് ഒത്തുതീർക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നതായി മുൻസിപ്പാലിറ്റി അറിയിച്ചിട്ടുണ്ട്. ആയത് പൂർത്തീകരിച്ച ശേഷം തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.</td></tr>
</table>
</td></tr>
</table>

സെക്ഷൻ ഓഫീസർ